(ബി) സിറാമിക് ഉൽപ്പന്നങ്ങൾ, വിവിധ രാസവസ്തുക്കൾ, ഇലക്ട്രോണിക് ഉപകരണങ്ങൾ, വിവിധയിനം യന്ത്രസാമഗ്രികൾ, വസ്ത്രങ്ങൾ, തടികൊണ്ടുള്ള ഉപകരണങ്ങൾ, കയറുൽപ്പന്നങ്ങൾ, കശുവണ്ടി തുടങ്ങിയവയാണ് ഇവയുടെ ഉൽപ്പന്നങ്ങൾ. കൂടാതെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള നിർമ്മാണ പ്രവർത്തനങ്ങളും പൊതുജനസേവന പ്രവർത്തനങ്ങളും ചില സ്ഥാപനങ്ങൾ ചെയ്യുന്നുണ്ട്.

(സി) 2001-2002 വർഷത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച ബി. പി. ഇ. -യുടെ അവലോകന റിപ്പോർട്ട് പ്രകാരം ഈ സ്ഥാപനങ്ങളുടേയെല്ലാം കൂടി ആ വർഷത്തെ നഷ്ടം 428.10 കോടി രൂപയാണ്.

(ഡി) ഉദ്ദേശ്യമില്ല. എന്നാൽ ഓരോ പൊതുമേഖലാ സ്ഥാപനത്തേയും കുറിച്ച് എന്റർപ്രൈസസ് റിഹോംസ് കമ്മിറ്റി (ഇ. ആർ. സി.) വിശദമായ പഠനം നടത്തി പുനരുദ്ധാരണ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നുണ്ട്. പുനരുദ്ധാരണ പദ്ധതികൾ സമർപ്പിക്കുമ്പോൾ സമാനസ്വഭാവമുള്ളവയുടെ സംയോജനം പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതാണെങ്കിൽ അത്തരം സ്ഥാപനങ്ങളുടെ കാര്യത്തിൽ അതുകൂടി കണക്കിലെടുക്കുന്നുണ്ട്.

പ്രതിരോധ ഉപകരണങ്ങൾ നിർമ്മിക്കുന്നതിന് പൊതുമേഖലാ സ്ഥാപനങ്ങളുടെ സേവനം

*29 [630] ശ്രീ. റോഷി അഗസ്റ്റിൻ:
„ തോമസ് ചാഴികാടൻ:
„ കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതിരോധ ആവശ്യങ്ങൾക്കുള്ള ഉപകരണങ്ങൾ നിർമ്മിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് കേരളത്തിലെ ഏതെങ്കിലും പൊതുമേഖലാ സ്ഥാപനങ്ങളുടെ സേവനം തേടിയിട്ടുണ്ടോ;

(ബി) ഇതിനായി കേന്ദ്ര ഗവൺമെന്റ് കേരള സർക്കാരുമായി ചർച്ച നടത്തിയിട്ടുണ്ടോ;

(സി) ഇതുമായി ബന്ധപ്പെട്ട് സർക്കാർ എന്തെങ്കിലും കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) ഉണ്ട്.

(ബി) ഇല്ല. എന്നാൽ കേരള ഹൈടെക് ഇൻഡസ്ട്രീസും, കെൽട്രോണും ഇ. ആർ. സി.-യും മുൻകൈ എടുത്ത് ഇതിനുള്ള ശ്രമങ്ങൾ നടത്തി വരുന്നു.

(സി) സർക്കാർ കരാറിൽ ഏർപ്പെട്ടിട്ടില്ല. എന്നാൽ ബന്ധപ്പെട്ട കേരള സർക്കാർ കമ്പനികൾ ചർച്ചകളിൽ പങ്കെടുക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly